(സി) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന ഏജൻസിക്കാണ് നിർമ്മാണച്ചുമതല നൽകിയിട്ടുള്ളത്. കരാർ ഒപ്പിട്ട് 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതായിരുന്നു. പിന്നീട് സാങ്കേതിക കാരണങ്ങളാലാണ് താമസം നേരിടുന്നത്.

(ഡി) ബഹുമാനപ്പെട്ട കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

ഗാന്ധിഗ്രാമം പദ്ധതി

259 (960) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിഗ്രാമം പദ്ധതിക്കായി കോളനികൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ :

(ബി) ഇതിനായി എത്ര തുക ബഡ്ജറ്റിൽ നീക്കിവച്ചിരുന്നെന്നും ഓരോ കോളനിക്കും ഏതെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക വീതം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർ അധിവസിക്കുന്ന കോളനികളുടെ പിന്നോക്കാവസ്ഥ, അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ പരിഗണിച്ചാണ് ഗാന്ധിഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് കോളനികളെ തെരഞ്ഞെടുത്തത്.

(ബി) ഗാന്ധിഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി മാത്രം ബഡ്ജറ്റിൽ തുകയൊന്നും നീക്കിവച്ചിരുന്നില്ല. എന്നാൽ പദ്ധതിക്കായി പ്രത്യേകം ഒരു പ്രോജക്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും അതത് സർക്കാർ അംഗീകരിച്ച് സ.ഉ. (കൈ) നമ്പർ.70/2014/പജപവവിവ തീയതി 30-9-2014 പ്രകാരം 11,58,73,819 രൂപ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും അനുവദിക്കുകയും ചെയ്തിരുന്നു. ഈ പദ്ധതി പ്രകാരം കോളനികളിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഇവയാണ്.

1. കോളനിയിലേയ്ക്കുള്ള റോഡ്/നടപ്പാത നിർമ്മാണം
2. ഡ്രെയിനേജ് സൗകര്യങ്ങൾ
3. കുടിവെള്ള പദ്ധതികൾ
4. വൈദ്യുതീകരണം
5. ബയോഗ്യാസ് പ്ലാന്റ്

LIBRARY ARCHIVES Kerala Legislative Assembly

6. കമ്മ്യൂണിറ്റി ഹാൾ/ ആഡിറ്റോറിയം

7. കോമ്പൗണ്ട് വാൾ നിർമ്മാണം

ഗാന്ധിഗ്രാമം പദ്ധതിയുടെ നിർവ്വഹണത്തിനായി വിവിധ സർക്കാർ അക്രെഡിറ്റഡ് ഏജൻസികൾ പ്രസ്തുത പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിഗണിച്ച് എസ്റ്റിമേറ്റ് തുകയുടെ 25% തുക (ആകെ 289.68 ലക്ഷം രൂപ) 2014-15 സാമ്പത്തിക വർഷംതന്നെ ഏജൻസികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ഗാന്ധിഗ്രാമം പദ്ധതി

260 (961) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്ത കോളനികളുടെ ജില്ല തിരിച്ചുള്ള പേരുവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത് ഏതെല്ലാം ഏജൻസികളാണ് ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഗാന്ധിഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്ത കോളനികളുടെ ജില്ല തിരിച്ചുള്ള പേരുവിവരം ചുവടെ ചേർക്കുന്നു:

1. കുമ്പുകര പട്ടികജാതി കോളനി, കൊല്ലം
2. പാണ്ടി മലപ്പുറം എസ്സ്സി. കോളനി, പത്തനംതിട്ട
3. കണിയന്തറ എസ്സ്സി. കോളനി, ആലപ്പുഴ
4. കോരിക്കൽ പഴംപെട്ടി അംബേദ്കർ ലക്ഷം വീട് കോളനി, കോട്ടയം
5. ചില്ലിത്തോട് എസ്സ്സി.കോളനി, ഇടുക്കി
6. ചാക്കിയത്ത്മല എസ്സ്സി. കോളനി, എറണാകുളം
7. പൂക്കാടംകുന്ന് എസ്സ്സി. കോളനി, പാലക്കാട്
8. ഗാന്ധിക്കുന്ന് എസ്സ്സി. കോളനി, മലപ്പുറം
9. തയ്യിൽ മീത്തൽ കോളനി, കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly